മക്കളുമുണ്ട്. ഈ മരണത്തോടുകൂടി ആ കുടുംബം അനാഥമായിരിക്കുകയാണ്. ചികിത്സ കിട്ടാതെ മരിക്കാനിടയായ സാഹചര്യം കണക്കിലെടുത്ത് ഗവൺമെന്റ് ആ കുടുംബത്തിനെ സംരക്ഷിക്കുന്നതിനാവശ്യമായ ധനസഹായം നൽകാൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി. പി. കെ. ജയലക്ഷ്മി): സർ, പുനലൂർ മണ്ഡലത്തിലെ അച്ചൻകോവിൽ നിവാസിയായ രാജു എന്ന യുവാവിനെ ദേഹാസ്വാസ്ഥ്യത്തിന് ചികിത്സിക്കുന്നതിനായി 7-7-2014-ന് പുലർച്ചെ 5 മണിക്ക് അച്ചൻകോവിൽ ഹോളിക്രോസ്സ് കോൺവെന്റിൽ എത്തിക്കുകയും അവിടെ ഡോക്ടറോ, നഴ്സോ ആരുമില്ലാത്തതിനാൽ വീട്ടിലേക്ക് മടങ്ങുകയും ചെയ്തു. 8-7-2014-ന് പുലർച്ചെ 5.30-ന് നെഞ്ചുവേദന അനുഭവപ്പെട്ടപ്പോൾ യുവാവിനെ അച്ചൻകോവിൽ പ്രൈമറി ഹെൽത്ത് സെന്ററിലും ഒരു സ്വകാര്യ ക്ലിനിക്കിലും എത്തിച്ചുവെങ്കിലും അവിടേയും ഡോക്ടറോ, മതിയായ ചികിത്സാ സൗകര്യങ്ങളോ ഇല്ലായിരുന്നതിനാൽ പ്രദേശത്തുള്ള ഒരു നാട്ടുവൈദ്യനെ സമീപിക്കുകയും, വൈദ്യൻ നൽകിയ ഇൻജക്ഷനെത്തുടർന്ന് രാജുവിന് കഠിനമായ വേദന അനുഭവപ്പെടുകയും തുടർന്ന് പുനലൂർ താലൂക്കാശുപത്രിയിൽ കൊണ്ടുപോകാൻ തീരുമാനിക്കുകയും ചെയ്തു. ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ ടിയാൻ മരണപ്പെടുകയാണുണ്ടായത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച, അച്ചൻകോവിലിലെ സാഹചര്യം നമുക്കറിയാവുന്നതു കൊണ്ട് അവർക്ക് പ്രത്യേകമായി ഒരു ആംബുലൻസ് അനുവദിക്കും. മരണപ്പെട്ട രാജുവിന്റെ കുടുംബത്തിന് സാന്ത്വനിക സഹായം നൽകുന്നതാണ്.

10. ത്രിതല പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും മുൻ അംഗങ്ങൾക്ക് പെൻഷൻ

ശ്രീ. സി. മോയിൻകുട്ടി: സർ, ഈ രാജ്യത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് എന്ന മഹത്തായ സന്ദേശം മഹാത്മജി പങ്കുവച്ചത് ഈ രാജ്യത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിലൂടെയാണ്. അവരാണ് അതിന് നേതൃത്വപരമായ പങ്കുവഹിച്ചിട്ടുള്ളത്. കൈപൊക്കി വോട്ടുചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. 1963 മുതൽ പഞ്ചായത്ത് മെമ്പർമാരായവരേയും കോർപ്പറേഷൻ-മുനിസിപ്പൽ കൗൺസിലർ ആയിട്ടുള്ള ആളുകളേയും ഓർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവരിൽ പലരും മരണപ്പെടുകയും അല്ലാത്തവർ രോഗശയ്യയിലും അവശതയിലുമാണ്. ഒരുതുള്ളി മരുന്നിനോ കഞ്ഞിക്കോ വകയില്ലാതെ പട്ടിണി പാവങ്ങളായിട്ടുള്ള നിരവധി ആളുകളെ എനിക്ക് നേരിട്ടറിയാം. ഇത്തരം ആളുകൾ ഇന്ന് വളരെയേറെ ദുരിതത്തിലാണ്. ഈ സഭ ഒന്നടങ്കം, രണ്ട് ഭാഗത്തുമുള്ള ആളുകൾ ഇത് സംബന്ധിച്ച ഐക്യദാർഢ്യം പറഞ്ഞിട്ടുള്ളതാണ്. ഒരു വരുമാനവുമില്ലാത്ത കാലത്താണ് ഇവർ ജനങ്ങളെ സേവിച്ചിട്ടുള്ളത്. നിത്യവൃത്തിക്കുപോലും വകയില്ലാത്ത ഈ പാവങ്ങളോട് സഭയിലെ ഇരു വിഭാഗവും പൂർണ്ണമായി സഹകരിച്ച് ഇവരെ പ്രത്യേകമായി പരിഗണിക്കണമെന്ന് സഭയിൽ പലപ്രാവശ്യം ആവശ്യപ്പെട്ടതാണ്. ഈ വിഷയം ഗൗരവമായി കാണണം. യാതൊരു വരുമാനവുമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

പോക്കറ്റിൽനിന്ന് കാശെടുത്ത് കുടിവെള്ളമെത്തിച്ചവർ, റോഡ് വെട്ടിയ ആളുകൾ, ഇവരൊക്കെ നമ്മുടെ മുന്നിലുണ്ട്. ഈ സഭയിൽ മെമ്പറായിട്ടുള്ള ആളുകളിൽ പലരും, ഞാനുൾപ്പെടെ പഞ്ചായത്ത് പ്രസിഡന്റായും, മെമ്പർമാരായും ദീർഘകാലം ഈ രംഗത്ത് സേവനമനുഷ്ഠിച്ചവരാണ്. ഇവർക്ക് പെൻഷൻ നൽകുന്നകാര്യം വളരെ ഗൗരവമായി കാണണം. ഈ ഗവൺമെന്റിന്റെ മുഖമുദ്രതന്നെ കണ്ണുനീരൊപ്പിക്കുന്നവന്റെ കണ്ണുനീർ തുള്ളികൾ ഒപ്പുക എന്നുള്ളതാണ്. നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയ ഗവൺമെന്റാണ്, അതുകൊണ്ടുതന്നെ ഈ പാവങ്ങൾക്ക്, മറ്റൊരു പെൻഷനുമില്ലാത്ത ആളുകൾക്ക്, പഞ്ചായത്ത് പ്രസിഡന്റുമാർക്ക് 1,500 രൂപയും, മെമ്പർമാർക്ക് 1,000 രൂപയെങ്കിലും, നാമമാത്രമായ തുക നൽകുന്നതിനുള്ള സത്വരമായ നടപടി ഉണ്ടാകണം. ഒരു കാരണവശാലും നീട്ടിക്കൊണ്ടുപോകാതെ ഈ പാവങ്ങൾക്ക് ഒരു നേരത്തെ കഞ്ഞിക്കുള്ള, ഒരുതുള്ളി മരുന്നിനുള്ള സഹായമെത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികളുടെ കാര്യം വളരെ ഗൗരവമായി ഈ സർക്കാർ കാണുന്നു. അവർക്ക് ഐഡന്റിറ്റി കാർഡ് നൽകാൻ തീരുമാനിക്കുകയും അതിന്റെ വിതരണം കോഴിക്കോട് ഒരു പരിപാടിയിൽവച്ച് നിർവ്വഹിക്കുകയും ചെയ്തു. അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും പ്രീമിയം അടച്ചുകൊടുക്കാമെന്നുള്ള ധാരണയിൽ ലേബർ ഡിപ്പാർട്ടുമെന്റുമായി ചേർന്നുകൊണ്ട് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിരിക്കുകയാണ്. പെൻഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ, 60 വയസ്സ് കഴിഞ്ഞ, മറ്റൊരു പെൻഷനും വാങ്ങിക്കാത്ത, 5 വർഷം പൂർത്തിയാക്കിയ മുൻജനപ്രതിനിധികൾക്ക്, 1,000 രൂപാനിരക്കിൽ പെൻഷൻ അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതിനുവേണ്ടി മന്ത്രിസഭയിലേക്ക് മുഖ്യമന്ത്രി ആ പദവി സമർപ്പിച്ചിട്ടുണ്ട്. മന്ത്രിസഭാ തീരുമാനം വരുന്നതനുസരിച്ച് ഈ കാര്യത്തിൽ അന്തിമ തീരുമാനമെടുത്ത് ഉത്തരവിറക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

11. കൊടകര-കുഴിക്കാണി പ്രദേശത്തെ കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിലെ 3, 4 വാർഡുകളോട് ചേർന്നുകിടക്കുന്നതും ഇപ്പോൾ 11.00 AM] മറ്റത്തൂർ പഞ്ചായത്തിലെ 19-ാം വാർഡിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കൊടകര-കുഴിക്കാണി പ്രദേശത്തെ, കൊടകര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തുന്നതിനായി കൊടകര-മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളുടെ തീരുമാനങ്ങളും അപേക്ഷയും തൃശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അനുകൂലമായ റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. കൊടകര പഞ്ചായത്ത് ഓഫീസിൽനിന്നും ഒരു കിലോമീറ്റർ താഴെമാത്രം ദൂരത്തായും മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽനിന്നും ആറ് കിലോമീറ്റർ ദൂരത്തായും സ്ഥിതിചെയ്യുന്ന കൊടകര ഗ്രാമപഞ്ചായത്തിന്റെ മൂന്ന്, നാല് വാർഡുകളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly